22.10.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 16-02-96

# ഡയമണ്ട് ജൂബിലി വർഷത്തിൽ വിശേഷ ശ്രദ്ധ നൽകി സമയത്തിന്റെയും സങ്കൽപത്തിന്റെയും ഖജനാവ് ശേഖരിക്കൂ

ഇന്ന് ത്രിമൂർത്തി രചയിതാവ് ശിവബാബ കുട്ടികൾക്ക് മൂന്ന് ആശംസ നൽകുകയാണ്. കുട്ടികൾ അച്ഛന് ആശംസ നൽകാൻ വന്നിരിക്കുകയാണ്. അപ്പോൾ അച്ഛൻ പകരം മൂന്ന് ആശംസകൾ നൽകുകയാണ്. ഒന്ന് ശിവജയന്തിയുടെ, രണ്ടാമത് ഡയമണ്ട് ജൂബിലിയുടെ, മൂന്നാമത് വർത്തമാന സമയത്ത് ഉണർവുത്സാഹത്തോടെ സേവനം ചെയ്യുന്നതിനുള്ള ആശംസകൾ. അപ്പോൾ മൂന്ന് ആശംസകൾ നാനാ ഭാഗത്തെയും കുട്ടികൾക്ക് ബാപ്ദാദ നൽകുകയാണ്. ബാബയുടെ അടുക്കൽ എല്ലാവരുടെയും ഹൃദയങ്ങളുടെ ഉണർവുത്സാഹത്തിന്റെ സേവനത്തിന്റെ വാർത്ത എത്തിക്കൊണ്ടിരിക്കുന്നു. ഈ അലൗകികജയന്തി മുഴുവൻ കൽപത്തിലും ഉണ്ടാകുന്നില്ല, എന്തെന്നാൽ മുഴുവൻ കൽപത്തിലും ദേവാത്മാക്കളാകട്ടെ, മഹാത്മാക്കളാകട്ടെ, സാധാരണ ആത്മാക്കളാകട്ടെ, എന്നാൽ ആത്മാക്കൾ ആത്മാക്കളുടെ ജയന്തി ആചരിക്കുന്നു, കൂടാതെ ഈ സംഗമത്തിൽ താങ്കൾ ശ്രേഷ്ഠാത്മാക്കൾ ആരുടെ ആരുടെ ജയന്തി ആചരിക്കുവാൻ വന്നിരിക്കുന്നു? പരമാത്മാവിന്റെ, പരമാത്മാ പിതാവ് കുട്ടികളുടെ ജയന്തി ആഘോഷിക്കുന്നു. സത്യയുഗ, ത്രേതായുഗത്തിലും പരമാത്മാ താങ്കളുടെ ജയന്തിയും ആഘോഷിക്കുകയില്ല, താങ്കൾ പരമാത്മാവിന്റെയും ജയന്തി ആഘോഷിക്കില്ല. അപ്പോൾ എത്ര കോടി കോടി കോടി മടങ്ങ് ഭാഗ്യശാലി ആത്മാക്കളാണ്. ഇങ്ങനെ എപ്പോഴെങ്കിലും തന്റെ ശ്രേഷ്ഠഭാഗ്യത്തെ സ്വപ്നത്തിലെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ചിന്തിച്ചിട്ടില്ലേ? എന്നാൽ ഇന്ന് സാകാരരൂപത്തിൽ ആഘോഷിക്കുകയാണ്. അപ്പോൾ സന്തോഷമല്ലേ! നോക്കൂ, ദേശത്തുള്ളവരാകട്ടെ, വിദേശത്തുള്ളവരാകട്ടെ, മധുബനിലുള്ളവരാകട്ടെ, ആരെല്ലാം ഈ ഗ്രൂപ്പിൽ ഇരിക്കുന്നുണ്ടോ,എത്ര ഭാഗ്യശാലിയാണ്! ഉള്ളിൽ ഏതു ഗീതം പാടുന്നു? ആഹാ എന്റെ ഭാഗ്യം! ബാബയും ഗീതം പാടുന്നു, ആഹാ കുട്ടികളുടെ ഭാഗ്യം! ബാബയും ഗീതം പാടുന്നു ആഹാ കുട്ടികളുടെ ഭാഗ്യം! വിശേഷസേവനത്തിന്റെ ഗ്രൂപ്പ് ഇരിക്കുകയല്ലേ, എല്ലാ വശത്തെയും വിശേഷപ്പെട്ടവരല്ലേ! അപ്പോൾ വിശേഷ സേവനത്തിന്റെ വിശേഷ പ്രത്യക്ഷഫലം പ്രാപ്തമാക്കുന്ന ആത്മാക്കളാണ്. അപ്പോൾ ബാബയും ഇങ്ങനെ ശ്രേഷ്ഠആത്മാക്കളെ കണ്ട് ഹർഷിതമാകുന്നു. കുട്ടികളാണോ കൂടുതൽ ഹർഷിതം ബാബയോ? രണ്ടുപേരും. അതോ ബാബ കൂടുതൽ ആകുന്നുവോ? കുട്ടികൾ കൂടുതൽ ആകുന്നു. ശരി

ഇന്ന് ബാപ്ദാദ നാനാഭാഗത്തെയും സേവാധാരി ഡയമണ്ട് മാലയെ കാണുകയാണ്. താങ്കളേവരും മാലയിലല്ലേ? ബാബയുടെ കഴുത്തിൽ ഡയമണ്ടായി തിളങ്ങുന്ന മാലയുടെ മുത്താണോ അതോ മറ്റാരെങ്കിലുമാണോ? താങ്കൾ തന്നെയാണോ അതോ അല്ലയോ? ആൾക്കാർ പറയുന്നു 108 ന്റെ മാല, എന്നാൽ ബാപ്ദാദയുടെ കഴുത്തിൽ താങ്കളെല്ലാ രത്നങ്ങളുടെയും എത്ര നീളമുള്ള മാലയാണ്? 108 എങ്കിൽ താങ്കൾ താഴെയിരിക്കുന്നവരായി മാറും. പിറകിലുള്ളവരുമല്ലേ? ആദ്യം പിറകിലുള്ളവർ, നോക്കൂ ഇതും ത്യാഗത്തിൻരെ പ്രത്യക്ഷഫലമാണ്- ബാപ്ദാദ പിറകിലുള്ളവർക്ക് കൂടുതൽ ആശംസയേകുന്നു. അതിലും കൂടുതൽ താഴെയുള്ളവർക്ക്.

ബാപ്ദാദ ഓരോ കുട്ടികളുടെയും വിശേഷതയെ കാണുന്നു. സമ്പൂർണമായിട്ടില്ലെങ്കിലും പുരുഷാർഥിയാണ് എന്നാലും ഇങ്ങനെ ബാബയുടെ ഒരു കുട്ടി പോലുമില്ല, ഒരു വിശേഷതയുമില്ലാത്തതായിട്ട്. എല്ലാവരിലും വിശേഷതയുണ്ട്. ഏറ്റവും ആദ്യത്തെ വിശേഷതയാണ്- കോടിയിലും ചിലരുടെ ലിസ്റ്റിൽ ഉണ്ടല്ലോ. മറ്റൊരു വിശേഷതയാണ്- വലിയ വലിയ തപസ്വി മഹാത്മാക്കൾ, 16108 ജഗത്ഗുരു, ശാസ്തരവാദിയാകട്ടെ, മഹാമണ്ഡലേശ്വരനാകട്ടെ എന്നാൽ ബാബയെ അറിഞ്ഞിട്ടില്ല, ബാബയുടെ എല്ലാ കുട്ടികളുമാകട്ടെ ബാബയെ അറിഞ്ഞുവല്ലോ. അപ്പോൾ ബാബയെ അറിയുക- എത്ര വലിയ വിശേഷതയാണ്. ഹൃദയത്തിൽ നിന്നും എന്റെ ബാബ എന്നു പറയുന്നുണ്ടല്ലോ. എന്റെ എന്നു പറഞ്ഞ് അധികാരിയായല്ലോ. അപ്പോൾ ഇതിനെ എന്തു പറയും? ആര് ബാബയെ തിരിച്ചറിഞ്ഞുവോ, മനസിലാക്കിയോ, അപ്പോൾ തിരിച്ചറിയുക എന്നതും ബുദ്ധിയുടെ വിശേഷതയാണ്, തിരിച്ചറിയാനുള്ള ശക്തിയുണ്ട്. അപ്പോൾ താങ്കളേവരുടെയും തിരിച്ചറിയാനുള്ള ശക്തി ശ്രേഷ്ഠമാണ്. ശരി, ഇന്ന് വിശേഷിച്ച് ആഘോഷിക്കുവാൻ വന്നിരിക്കുകയല്ലേ? ഇന്ന് ആഘോഷിക്കുവാനുള്ള ദിവസമാണോ അതോ ഇന്നും കേൾക്കാനുള്ള ദിവസമാണോ? കേൾക്കുകയും വേണോ? നല്ലത്.

അപ്പോൾ ശിവരാത്രി എന്നു പറയുന്നു എന്നാൽ താങ്കൾക്ക് ഇപ്പോൾ എന്താണ്? അമൃതവേളയാണോ? താങ്കൾ രാത്രിയിൽ നിന്നു പുറത്തുവന്നുവോ അതോ കുറച്ചൊക്കെ രാത്രി ഇപ്പോഴുമുണ്ടോ? അനുവാദം കൊടുത്തുവോ? ഏതെങ്കിലും പ്രകാരത്തിലുള്ള അന്ധകാരം വരുന്നുണ്ടോ അതോ അവസാനിച്ചുവോ? അമൃതവേള സദാ വരദാനത്തിന്റെ സമയമാണ് എങ്കിൽ താങ്കൾക്ക് പതിവായി വരദാനം ലഭിക്കുന്നില്ലേ? അപ്പോൾ താങ്കൾ പറയും, ബാബ വരുന്നത് രാത്രിയിലാണ് എന്നാൽ ഞങ്ങൾക്ക് അമൃതവേള സുവർണ

പ്രഭാതം, വജ്ര പ്രഭാതമായി. അപ്പോൾ ഇങ്ങനെ സ്വന്തം വരദാനസ്വരൂപത്തെ കാണുന്നില്ലേ? മായ വരദാനത്തെ മറപ്പിക്കുന്നില്ലല്ലോ? മായ വരുന്നുണ്ടോ? ഇടയ്ക്കിടെ വരുന്നുണ്ടോ? മായ അവസാന നിമിഷം വരേക്കും വരും. അങ്ങനെയൊന്നും പോകുകയില്ല. എന്നാൽ മായയുടെ ജോലിയാണ് വരിക, താങ്കളുടെ ജോലിയാണ് ദൂരെ നിന്ന് ഓടിക്കുക. വരട്ടെ പിന്നീട് ഓടിക്കാം, ഇതല്ല. ഈ സമയം ഇപ്പോൾ സമാപ്തമായി. മായ വരട്ടെ, താങ്കളെ ഇളക്കട്ടെ, പിന്നെ താങ്കൾ ഓടിക്കൂ, സമയം പോയില്ലേ! എന്നാൽ സൈലൻസിന്റെ സാധനങ്ങളിലൂടെ താങ്കൾക്ക് ദൂരെ നിന്നേ തിരിച്ചറിയാനാവും, ഇത് മായയാണ്. ഇതിലും സമയം പാഴാക്കാതിരിക്കൂ, മായയും നോക്കുകയല്ലേ ചെല്ലാം, വരാനനുവദിക്കുന്നുണ്ടല്ലോ. അപ്പോൾ വരുന്നത് ശീലമായിത്തീരുന്നു. ഏതെങ്കിലും പശുവിനെയോ മൃഗത്തെയോ തന്റെ വീട്ടിലേക്കു വരുത്തുന്നത് ശീലമുണ്ടാക്കൂ പിന്നെ ശല്യമായതിനാൽ ഓടിക്കുകയാണെങ്കിലും ശീലമായിപ്പോയില്ലേ! ബാബ കേൾപ്പിച്ചതായിരുന്നു, പല കുട്ടികളും മായയെ ചായയും വെള്ളവുമൊക്കെ കുടിപ്പിക്കുന്നു. ഏത് ചായയും വെള്ളവും ആണ് കുടിപ്പിക്കുന്നത്? അറിയില്ലേ? എന്തു ചെയ്യും,എങ്ങനെ ചെയ്യും, ഇപ്പോൾ പുരുഷാർഥിയാണ്, ഇപ്പോൾ സമ്പൂർണമായിട്ടില്ല, അവസാനം ആയിക്കോളും– ഈ സങ്കൽപം ചായയും വെള്ളവുമാണ്. അപ്പോൾ അത് കാണുന്നു– ചായയും വെള്ളവും കിട്ടുന്നുണ്ട്. ആരെയും അതവാ ചായയും വെള്ളവും കുടിപ്പിക്കുകയാണെങ്കിൽ അവർ പോകുമോ അതോ ഇരിക്കുമോ? എപ്പോൾ ഏതു പരിതസ്ഥിതി വന്നാലും എന്തുകൊണ്ട്, എന്ത്, എങ്ങനെ, ഇടയ്ക്കൊക്കെ ഉണ്ടാവുക തന്നെ ചെയ്യും, ഇപ്പോൾ ആരാണ് പാസായിട്ടുള്ളത്, ഇതൊക്കെ എല്ലാവർക്കുമുണ്ട്– ഇതാണ് മായയെ സൽക്കരിക്കുക. കുറച്ച് ഉപ്പും കുറച്ച് മധുരവും കഴിപ്പിക്കുന്നു. പിന്നെ എന്തു ചെയ്യുന്നു? പിന്നെ ശല്യമായി പറയുന്നു, ഇപ്പോൾ ബാബ തന്നെ ഓടിക്കൂ, വരുത്തുന്നത് താങ്കൾ പിന്നെ ഓടിക്കേണ്ടത് ബാബ, എന്തുകൊണ്ട്? വരാനനുവദിക്കുന്നത് എന്തുകൊണ്ട്? മായ വീണ്ടും വീണ്ടും എന്തുകൊണ്ട് വരുന്നു? ഓരോ സമയവും ഓരോ കർമ്മം ചെയ്തുകൊണ്ടും ത്രികാലദർശിയുടെ സീറ്റിൽ സെറ്റാകുന്നില്ല. ത്രികാലദർശി എന്നാൽ ഭൂതം, ഭാവി, വർത്തമാനത്തെ അറിയുന്നയാൾ. അപ്പോൾ എന്ത്, എന്തുകൊണ്ട് വേണ്ടിവരില്ല. ത്രികാലദർശിയായതിനാൽ ആദ്യമേ അറിയാം, ഈ കാര്യങ്ങൾ വരേണ്ടതാണ്, വരും. അവനവനിലൂടെയായാലും, മറ്റുള്ളവരിലൂടെയായാലും, മായയിലൂടെയായാലും, പ്രകൃതിയിലൂടെയായാലും, എല്ലാ തരത്തിലുമുള്ള പരിതസ്ഥിതികൾ വരും, വരിക തന്നെ വേണം. എന്നാൽ സ്വസ്ഥിതി ശക്തിശാലിയാണെങ്കിൽ പര–സ്ഥിതി അതിനു മുന്നിൽ ഒന്നുമല്ല. പര–സ്ഥിതിയോ വലുത് സ്വസ്ഥിതിയോ? അതോ ഇടയ്ക്ക് സ്വസ്ഥിതി വലുതാകുന്നുണ്ടോ, ഇടയ്ക്ക് പരസ്ഥിതി? അപ്പോൾ ഇതിന്റെ സാധനമാണ്– ഒന്ന് ആദി മദ്ധ്യ– അന്ത്യം മൂന്നു കാലത്തെയും പരിശോധിച്ച് മനസിലാക്കി പിന്നെ എന്തുവേണമെങ്കിലും ചെയ്യൂ. വെറും വർത്തമാനം മാത്രം കാണാതിരിക്കൂ. വെറും വർത്തമാനത്തെ കാണുനനുവെങ്കിൽ ഇടയ്ക്ക് പരിതസ്ഥിതി ഉയർന്നതാകുന്നു, ഇടയ്ക്ക് സ്വസ്ഥിതി ഉയർന്നതാകുന്നു. ലോകത്തും പറയാറുണ്ട് ആദ്യം ചിന്തിക്കൂ പിന്നീട് ചെയ്യൂ. ഇല്ലെങ്കിൽ എന്തു ചിന്തിക്കാതെ ചെയ്യുന്നുവോ പിന്നീട് ചിന്തിക്കുന്നത് പശ്ചാത്താപത്തിന്റെ രൂപത്തിലാകുന്നു ഇങ്ങനെ ചെയ്യുന്നില്ല, ഇങ്ങനെ ചെയ്യുന്നു എങ്കിൽ പിന്നീട് ചിന്തിക്കുക അർഥം പശ്ചാത്താപത്തിന്റെ രൂപം, ആദ്യം ചിന്തിക്കുക –ഇത് ജ്ഞാനിതു ആത്മാവിന്റെ ഗുണമാണ്. ദ്വാപര, കലിയുഗത്തിൽ അനേക തരത്തിൽ പശ്ചാത്താപം തന്നെ ചെയ്തു കൊണ്ടിരിക്കുകയല്ലേ? എന്നാൽ ഇപ്പോൾ സംഗമത്തിൽ പശ്ചാത്തപിക്കുക അർഥം ജ്ഞാനിതു ആത്മാവല്ല. അവനവനെ ഇങ്ങനെയാക്കൂ– അവനവനോടു പോലും മനസിൽ ഒരു സെക്കന്റും പശ്ചാത്താപമില്ല.

അപ്പോൾ ഈ ഡയമണ്ട് ജൂബിലിയിൽ വിശേഷിച്ച് മുഴുവൻ ദിവസത്തിൽ **ഒന്ന് സമയം, രണ്ട് സങ്കൽപം– ഈ രണ്ടു ഖജനാക്കളിൽ ശ്രദ്ധ വെക്കുക**. അങ്ങനെ ഖജനാക്കൾ വളരെയാണ് എന്നാൽ വിശേഷിച്ച് ഈ രണ്ടു ഖജനാക്കളിൽ ശ്രദ്ധ വെക്കുക. ഓരോ ദിവസവും സങ്കൽപം ശ്രേഷ്ഠവും, ശുഭവുമായത്– എത്ര ശേഖരിച്ചു? എന്തെന്നാൽ മുഴുവൻ കൽപത്തേക്ക് ശേഖരിക്കാനുള്ള ബാങ്ക് ഇപ്പോൾ തുറക്കുന്നു. സത്യയുഗത്തിൽ ഈ ശേഖരിക്കാനുള്ള ബാങ്ക് അടയ്ക്കും. ഈ ബാങ്കും ഉണ്ടാകില്ല, മറ്റു ബാങ്കും ഉണ്ടാകില്ല. താങ്കളുടെ പക്കൽ ഇത്രയും ധനം ഉണ്ടാകും, ആരിൽ നിന്നും ഒന്നും വാങ്ങേണ്ട ആവശ്യം വരില്ല. ബാങ്കിൽ എന്തുകൊണ്ട് വെക്കുന്നു? ഒന്ന് സുരക്ഷിതത്വം, മറ്റൊന്ന് പലിശ ലഭിക്കും. പലരും വളരെ സമർഥരാകുന്നു, പലിശ കൊണ്ട് തന്നെ ജീവിക്കുന്നു. ഈ സമയത്ത് അഥവാ ഇങ്ങനെ സമർഥരാണെങ്കിൽ നല്ലതാണ്, സമ്പാദിക്കുന്നുവല്ലോ. എന്നാൽ പലിശ എന്തിന് ഉപയോഗിക്കുന്നു –അത് നോക്കണം. അപ്പോൾ സത്യയുഗത്തിൽ ഈ ബാങ്കുമുണ്ടാകില്ല, ആത്മീയഖജനാക്കൾ സമ്പാദിക്കാനുള്ള ബാങ്കുമുണ്ടാകില്ല. രണ്ടു ബാങ്കുമുണ്ടാകില്ല. ഈ സമയം ഒന്നിന് കോടി മടങ്ങാക്കി നൽകുന്ന ബാങ്കുണ്ട്, എന്നാൽ ഒന്ന് സമ്പാദിക്കാം, അപ്പോൾ കോടി ലഭിക്കുമല്ലോ അങ്ങനെയല്ല. കണക്കാണ്. അപ്പോൾ ഡയമണ്ട് ജൂബിലിയിൽ സത്യമായ ഡയമണ്ട് ആകുക തന്നെ വേണം, ഇത് പക്കയല്ലേ? അതോ ഇടയ്ക്ക് സങ്കൽപം വരുന്നുണ്ടോ, അറിയില്ല ആകാൻ കഴിയുമോ ഇല്ലയോ? അറിയില്ല  അതോ കഴിയില്ലേ? എന്തായാലും ത്യാഗം ചെയ്യേണ്ടി വന്നാലും തപസ്യ ചെയ്യേണ്ടി വന്നാലും, വിനീതരാകേണ്ടി വന്നാലും, എന്തായാലും തീർച്ചയായും ആകുക

തന്നെ വേണം. വേണ്ടേ? പറയൂ, ഹാംജി യോ നാ ജിയോ ? (ഹാംജി) നോക്കണം, ഹാം ജി പറയാനെളുപ്പമാണ്. ഹാംജി ആകുക ഇതിൽ ശ്രദ്ധ നൽകേണ്ടി വരും. ആദ്യമാദ്യം ത്യാഗം ഈ ഞാൻ- എന്ന വാക്കാണ്. ഈ ഞാൻ എന്ന വാക്ക് വളരെ പഴയതാണ് എന്നാൽ ഇത് വളരെ റോയൽ രൂപത്തിലായിരിക്കുന്നു. ഈ ഞാൻ എന്ന വാക്ക് സമാപ്തമായി ഭാഷയിലും ബാബാ ബാബാ വാക്ക് വരട്ടെ. പറയുവാൻ നോക്കൂ സാധാരണ കാര്യമാണ്. ഞാൻ യോഗ്യനല്ലേ, ഞാൻ യോഗ്യനാണ്. എങ്കിൽ ആശ്രയം അഥവാ സേവനം അതനുസരിച്ച് ലഭിക്കണം. ഞാൻ യോഗ്യനാണ്, ഞാൻ ചെയ്യുന്നുണ്ട് അപ്പോൾ ഇതു ശരിയാണോ? ചെയ്യുന്നുണ്ടല്ലോ. പിന്നെന്തുകൊണ്ട് പറയാതിരുന്നുകൂടാ ഞാൻ ചെയ്യുന്നുണ്ടെന്ന്! ഞാൻ ശരിയാണ്, ഞാൻ തെറ്റാണ്- പറയുന്നതിൽ വരുന്നുണ്ടല്ലോ ഞാൻ ചെയ്യുന്നുണ്ട്!... താങ്കൾ ചെയ്യുന്നില്ലല്ലോ? ചെയ്യുന്നത് ബാബയാണ്! ആ ബാബയാണ് ചെയ്യിക്കുന്നയാൾ. എന്നാൽ ചെയ്യുന്നയാൾ താങ്കളാണല്ലോ. അപ്പോൾ ഞാൻ എന്നു പറയുക എന്തേ തെറ്റായത്? ഞാൻ എന്ന വാക്കും പ്രയോഗിക്കുമ്പോൾ വാസ്തവത്തിൽ ഞാൻ എന്ന വാക്ക് എന്തിലൂടെയാണ് വരുന്നത്? ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ? ഞാൻ ആരാണ്? ആത്മാവാണോ ശരീരമല്ലല്ലോ? ആത്മാഭിമാനിയായി ഞാൻ ആത്മാവാണ്- ഈ സ്മൃതിയിലൂടെ ഞാൻ എന്ന വാക്കുപയോഗിക്കുമ്പോൾ ശരിയാണ്. എന്നാൽ ഞാൻ എന്ന വാക്ക് ശരീബോധത്തിന്റെ രൂപത്തിൽ ഉപയോഗിക്കുന്നത് തെറ്റാണ്. മുഴുവൻ ദിവസത്തിൽ ഈ ഞാൻ എന്ന വാക്ക് വളരെ വരുന്നു, വരിക തന്നെ വേണം. അപ്പോൾ അഭ്യാസം ചെയ്യൂ- എപ്പോഴൊക്കെ ഞാൻ എന്ന വാക്കുപയോഗിക്കുന്നുവോ, ഞാൻ ആരാണ്? വാസ്തവത്തിൽ ഞാൻ തന്നെ ആത്മാവാണ്, ശരീരത്തെ എന്റെ എന്നു പറയുന്നു. അപ്പോൾ ഞാൻ എന്ന വാക്ക് ആത്മാഭിമാനിയായി പറയുമ്പോൾ ആത്മാവിനു അച്ഛനെ സ്വതവേ ഓർമ്മ വരുന്നു. പറയേണ്ടതിന്റെ തന്നെ ആവശ്യമില്ല. ആത്മാവു തന്നെയാണ് ഞാൻ- ഈ അഭ്യാസം ചെയ്യൂ. ഈ തല തിരിഞ്ഞ അഭ്യാസമായപ്പോൾ സ്വാഭാവികമായി എപ്പോൾ ഞാൻ എന്ന വാക്കു പറയുന്നുവോ സ്വന്തം നാമ-രൂപം സ്മൃതിയിൽ വരുന്നു. ഞാൻ ആരാണ്, ഞാൻ ഇന്നയാളാണ്, ഇത് സ്വാഭാവികമായില്ലേ? ആലോചിക്കേണ്ട ആവശ്യമില്ല. അപ്പോൾ ഈ തലതിരിഞ്ഞ ഭാവത്തോടെ ഞാൻ എന്നു പറയുമോ അപ്പോൾ തന്നെ റിസൽറ്റിൽ പരിശ്രമം കൂടുതലും പ്രാപ്തി കുറവുമാകുന്നു. പല കുട്ടികളും പറയുന്നു ഞാൻ വളരെ സേവനം ചെയ്യുന്നു, വളരെ പരിശ്രമിക്കുന്നു എന്നാൽ പ്രാപ്തി ഇത്രയും ഉണ്ടാകുന്നില്ല. അതിന്റെ കാരണമെന്താണ്? വരദാനം എല്ലാവർക്കും ഒന്നാണ്. 60 വയസുള്ളവർക്കും ഒന്നാണ്, ഒരു മാസമായവർക്കും ഒന്നാണ്. ഖജനാക്കൾ എല്ലാവർക്കും ഒന്നു തന്നെയാണ്. പാലന എല്ലാവർക്കും ഒന്നു തന്നെയാണ്. ദിനചര്യ, മര്യാദ എല്ലാവർക്കും ഒരു പോലെയാണ്. വേറെ വേറെയല്ലല്ലോ! ഇങ്ങനെയല്ല, വിദേശത്തെ മര്യാദകൾ വേറെ, ഇൻഡ്യയുടെ വേറെ, ഇങ്ങനെയല്ലല്ലോ? അൽപാൽപം വ്യത്യാസമുണ്ടോ? ഇല്ലല്ലോ? എല്ലാവരും ഒന്നാണെങ്കിൽ പിന്നെ ആർക്കെങ്കിലും സഫലത ലഭിക്കുന്നു, ചിലർക്ക് കുറവ് ലഭിക്കുന്നു- എന്തുകൊണ്ട്? കാരണം ? ബാബ സഹായം കുറച്ചാണോ തരുന്നത്? ആർക്കെങ്കിലും കൂടുതൽ നൽകുന്നു, ആർക്കെങ്കിലും കുറച്ച്, ഇങ്ങനെയാണോ? ഇല്ല. പിന്നെ എന്തുകൊണ്ട് ഉണ്ടാകുന്നു? അർഥം സംഭവിച്ചതെന്താണ്? സ്വന്തം തെറ്റാണ്. അതോ ശരീരബോധത്തിലെ ഞാൻ എന്ന ഭാവം വരുന്നു, അതോ ഇടയ്ക്കിടെ കൂടെയുള്ളവരുടെ സഫലത കണ്ട് അസൂയയും വരുന്നു. ആ അസൂയ കാരണം ഏതു ഹൃദയത്തോടെ സേവനം ചെയ്യേണ്ടിയിരുന്നുവോ, അത് ബുദ്ധി കൊണ്ട് ചെയ്യുന്നു, എന്നാൽ ഹൃദയം കൊണ്ടല്ല. ഫലം ലഭിക്കുന്നത് ഹൃദയം കൊണ്ട് സേവനം ചെയ്യുമ്പോഴാണ്. പലപ്പോഴും കുട്ടികൾ ബുദ്ധി ഉപയോഗിക്കുന്നു, എന്നാൽ ഹൃദയവും ബുദ്ധിയും രണ്ടും ചേർന്ന് ചെയ്യുന്നില്ല. ബുദ്ധി ലഭിച്ചിട്ടുണ്ട് -അതിനെ കാര്യത്തിലുപയോഗിക്കുക നല്ലതാണ്, എന്നാൽ വെറും ബുദ്ധിയല്ല. ആര് ഹൃദയം കൊണ്ട് ചെയ്യുന്നുവോ -ഹൃദയം കൊണ്ട് ചെയ്യുന്നവരുടെ ഹൃദയത്തിൽ ബാബയുടെ ഓർമ്മയും സദാ ഉണ്ടായിരിക്കുന്നു. വെറും ബുദ്ധി കൊണ്ട് ചെയ്യുന്നുവെങ്കിൽ കുറച്ച് സമയം ബുദ്ധിയിൽ ഓർമ്മയുണ്ടാകും- അതെ, ബാബയാണ് ചെയ്യിക്കുന്നയാൾ. അതെ ബാബ തന്നെയാണ് ചെയ്യിക്കുന്നയാൾ. എന്നാൽ കുറച്ച് സമയത്തിനു ശേഷം പിന്നെ അതേ ഞാൻ എന്ന ഭാവം ഓർമ്മ വരുന്നു, അതിനാൽ ബുദ്ധിയും ഹൃദയവും രണ്ടിന്റെയും സന്തുലനം വെക്കൂ.

അപ്പോൾ കേൾപ്പിച്ചു ഡയമണ്ട് ജൂബിലിയിൽ എന്തു ചെയ്യണം? വിശേഷിച്ച് മിച്ചപ്പെടുത്തുന്ന കണക്ക് ശേഖരിക്കൂ. ഇങ്ങനെയല്ല, മുഴുവൻ ദിവസം എന്നിൽ നിന്ന് ഇങ്ങനെ ഒരു കാര്യവും ഉണ്ടായില്ല, ആർക്കും ദു:ഖം നൽകിയില്ല. ആരോടും ഒരു തട്ടലും മുട്ടലുമുണ്ടായില്ല. അതായത് നഷ്ടമുണ്ടാക്കിയില്ല. ഇത് നല്ല കാര്യമാണ് നഷ്ടമുണ്ടാക്കിയില്ല എന്നാൽ ശേഖരിച്ചുവോ? സേവനവും ചെയ്തു എന്നാൽ തന്റെ ആത്മീയതയിലൂടെ സേവനത്തിൽ സഫലത പ്രാപ്തമാക്കിയോ? അതോ സഫലത ശേഖരിച്ചുവോ? അപ്പോൾ സേവനത്തിൽ സഫലത സമയം ചെലവഴിച്ചു- ഇത് നല്ല കാര്യമല്ലേ, എന്നാൽ സേവനം ഏതു വിധിയോടെ ചെയ്തു? പലരും പറയുന്നു ഞാൻ മുഴുവൻ ദിവസം ഇത്രയും സേവനത്തിൽ ബിസിയായിരിക്കുന്നു സ്വയം തന്നെ അറിഞ്ഞില്ല. ബിസിയായിരിക്കുന്നത് വളരെ നല്ലത്. എന്നാൽ സേവനത്തിന്റെ പ്രത്യക്ഷഫലം ശേഖരിച്ചുവോ? അതോ വെറും പരിശ്രമിച്ചോ? സേവനത്തിൽ സമയം 8 മണിക്കൂർ ഉപയോ

ഗിച്ചു എന്നാൽ 8 മണിക്കൂർ തന്നെ സേവനത്തിൽ ശേഖരിച്ചോ? സമയം ശേഖരിച്ചോ? അതോ പകുതി ശേഖരിച്ചുവോ? സേവനത്തിൽ സമയം 8 മണിക്കൂർ ഉപയോഗിച്ചു എന്നാൽ 8 മണിക്കൂർ തന്നെ സേവനത്തിൽ, പകുതി ഓട്ടപ്പാച്ചിലിൽ, ആലോചനയിൽ പോയോ? ശ്രേഷ്ഠ സങ്കൽപം, ശുഭഭാവന, ശുഭ കാമനയുടെ സങ്കൽപം ശേഖരിക്കുന്നു. അപ്പോൾ മുഴുവൻ ദിവസത്തിൽ ശേഖരണത്തിൻ്റെ കണക്ക് കുറിക്കൂ. ശേഖരണത്തിന്റെ കണക്ക് വർധിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ സ്വതവേ ഡയമണ്ടായി മാറുക തന്നെ വേണം. ഇപ്പോഴും സമയവും സങ്കൽപവും – നല്ലതിലുമല്ല, മോശമായതിലുമല്ല ചെലവഴിക്കുന്നത്. അപ്പോൾ മോശമായതിൽ ഉണ്ടായില്ല എങ്കിൽ രക്ഷപ്പെട്ടു എന്നാൽ നല്ലതിൽ ശേഖരിച്ചുവോ? മനസിലായോ? സമയത്തെ, സങ്കൽപത്തെ മിച്ചപ്പെടുത്തൂ, എത്രത്തോളം ഇപ്പോൾ മിച്ചമാക്കുമോ, ശേഖരിക്കുമോ, അപ്പോൾ മുഴുവൻ കൽപത്തിൽ അതനുസരിച്ച് രാജ്യവും ഭരിക്കും, പൂജ്യരുമാകും. ദ്വാപരം മുതൽ താങ്കൾ സാകാരരൂപത്തിൽ വീഴുന്ന കലയിൽ വരുന്നു. എന്നാൽ താങ്കളുടെ ശേഖരിക്കപ്പെട്ട കണക്ക് താങ്കളുടെ ജഡചിത്രത്തിൻ്റെ പൂജ ചെയ്യിക്കുന്നു. അപ്പോൾ ഇതെല്ലാം കുറിക്കണം അപ്പോൾ അറിയാനാകും, വ്യർഥവും സാധാരണവുമായി സമയം എത്ര ഉണ്ടാകുന്നു. സാധാരണ സങ്കൽപം എത്ര ഉണ്ടാകുന്നു? എന്നാൽ ഒരു ശ്രദ്ധ വെക്കണം– അഥവാ താങ്കളുടെ ഇന്നത്തെ ദിവസത്തെ ശേഖരണത്തിന്റെ കണക്ക് വളരെ കുറവായിരുന്നുവെങ്കിൽ കുറവു കണ്ട് നിരാശനാകരുത്. മനസിലാക്കണം– ഇനിയും എനിക്ക് ശേഖരിക്കാൻ അവസരമുണ്ട്. സ്വയം ഉണർവുത്സാഹത്തിലേക്ക് കൊണ്ടുവരണം. അവനവനോട് മത്സരിക്കൂ, മറ്റുള്ളവരോടല്ല. അവനവനോട് മത്സരിക്കൂ ഇന്ന് അഥവാ 8 മണിക്കൂർ ശേഖരണമായെങ്കിൽ നാളെ 10 മണിക്കൂർ ആകണം. നിരാശരാകരുത്, എന്തെന്നാൽ ഇപ്പോൾ പിന്നെയും ശേഖരിക്കാനുള്ള സമയമാണ്. ഇപ്പോൾ ടൂ ലേറ്റ് ബോർഡ് വെച്ചിട്ടില്ല. ഫൈനൽ റിസൽറ്റിന്റെ സമയം ഇപ്പോൾ പ്രഖ്യാപിച്ചിട്ടില്ല. ലൗകികത്തിൽ പരീക്ഷയുടെ ദിവസം ഫൈനലായാൽ നല്ല പുരുഷാർഥി എന്തു ചെയ്യും? നിരാശരാകുമോ പുരുഷാർഥത്തിൽ മുന്നേറുമോ? അപ്പോൾ താങ്കളും നിരാശരാകരുത്. കൂടുതൽ ഉണർവുത്സാഹത്തിൽ വന്ന് ദൃഢസങ്കൽപം ചെയ്യൂ, എനിക്ക് എന്റെ ശേഖരണത്തിൻ്റെ കണക്ക് വർധിക്കുക തന്നെ വേണം. മനസിലായോ? ശരി

നാനാ ഭാഗത്തെയും ജയന്തിയുടെ ആശംസയേകുന്ന കുട്ടികൾക്ക് സദാ ബാബയോടൊപ്പമൊപ്പം കഴിയുന്ന കംബൈൻഡ് രൂപധാരി കുട്ടികൾക്ക് , സദാ ഉണർവുത്സാഹത്തിലൂടെ സ്വയത്തെയും മറ്റുള്ളവരെയും മുന്നോട്ടു കൊണ്ടുവരുന്ന കുട്ടികൾക്ക്, നാനാ ഭാഗത്തെയും സേവനത്തിൽ മുന്നേറുന്ന സത്യമായ സേവാധാരി കുട്ടികൾക്ക് ബാപ്ദാദയുടെ കോടി കോടി കോടി മടങ്ങ് ആസംസകൾ. സ്നേഹസ്മരണയോടൊപ്പം ബാബയും കുട്ടികളുടെ സ്നേഹസ്മരണയും ആശംസയും സ്വീകരിക്കുകയാണ്. നോക്കുകയാണ് എല്ലാ വശത്തും ആശംസ ആശംസ എന്ന ഹൃദയത്തിൻ്റെ ഗീതം പാടുകയാണ്. അപ്പോൾ ഇങ്ങനെ ആശംസ കൊണ്ടുവരുന്നതിൻ്റെയും ആശംസയേകുന്നതിന്റെയും രണ്ടിന്റെയും സംഗമത്തിന്റെ വിശേഷ സ്നേഹസ്മരണയും നമസ്തേയും.

## വരദാനം: ഓരോ കാര്യത്തിലും മംഗളമെന്നു മനസിലാക്കി അചഞ്ചലവും ദൃഢവും മഹാവീരനുമാക്കുന്ന ത്രികാലദർശിയായി ഭവിക്കട്ടെ.

ഒരു കാര്യവും ഏക കാലത്തെ ദൃഷ്ടിയിലൂടെ നോക്കാതിരിക്കൂ, ത്രികാലദർശിയായി നോക്കൂ. എന്തുകൊണ്ട്, എന്ത് എന്നതിനു പകരം സദാ ഇതേ സങ്കൽപമായിരിക്കണം–എന്താണോ നടക്കുന്നത് അതിൽ മംഗളമാണ്. എന്തു ബാബ പറയുന്നുവോ അതു ചെയ്തുകൊണ്ടേ പോകൂ, പിന്നെ ബാബയ്ക്കറിയാം, ബാബയുടെ കാര്യത്തിനറിയാം. ബാബ നടത്തിക്കുന്ന പോലെ നടക്കൂ അതിൽ മംഗളം അടങ്ങിയിരിക്കുന്നു. ഈ നിശ്ചയത്തിൽ നിന്ന് ഒരിക്കലും ആടിയുലയാതിരിക്കൂ. സങ്കൽപത്തിലും സ്വപ്നത്തിലും പോലും വ്യർഥ സങ്കൽപം വരരുത്. അപ്പോൾ പറയാം അചഞ്ചലം ദൃഢം മഹാവീരൻ.

## സ്ലോഗൻ: തപസ്വി അവരാണ് ആരാണോ ശ്രീമതത്തിന്റെ സൂചനയനുസരിച്ച് സെക്കൻഡിൽ വേരിട്ടവരും സ്നേഹിയുമായി മാറണം.